മെഡിക്കൽ കോളേജ് ക്യാമ്പസിലും പരിസരത്തുമുള്ള വികസന പ്രവർത്തനങ്ങൾ

49 (4328) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിലും പരിസരത്തും പി. ഡബ്ല്യു.ഡി. ഏറ്റെടുത്തിരിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ :

(ബി) ഇതിൽ ഒരോ പ്രവൃത്തിയുടേയും ഏറ്റെടുത്ത വർഷവും എസ്റ്റിമേറ്റ് തുകയും വെളിപ്പെടുത്തുമോ :

(സി) ഈ പ്രവൃത്തികൾ യഥാക്രമം പൂർത്തിയാക്കേണ്ടിയിരുന്ന സമയ പരിധി അതിക്രമിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ഡി) ഈ വികസന പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ :

(ഇ) മെഡിക്കൽ കോളേജ് കോംപ്ലക്സിനകത്തെ റോഡുകൾ അറ്റകുറ്റപ്പണി നടത്താനും തകരാറിലായ ഇലക്ട്രിക്കൽ ഉപകരണങ്ങൾ നന്നാക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പി. ഡബ്ല്യു. ഡി. ഏറ്റെടുത്തിരിക്കുന്ന വികസന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു.

(ഇ) നടപടി സ്വീകരിച്ചുവരുന്നു.

ഇടുക്കി ജില്ലയിലെ ചീനിക്കുഴി പാറമട റോഡിൽ ടെണ്ടർ ഏടുത്തിട്ടുള്ള വർക്കുകൾ

50 (4329) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ ചീനിക്കുഴി പാറമട റോഡിൽ ഏതെങ്കിലും വർക്കുകൾ ടെണ്ടർ എടുത്തിട്ടും കോൺട്രാക്ടർ പണി ചെയ്യാതെയുണ്ടോ ; എങ്കിൽ എന്ന് ; ആരാണ് ടെണ്ടർ എടുത്തത് എന്നും എന്നാണ് വർക്ക് തീരേണ്ടിയിരുന്നതെന്നും അടങ്കൽ തുക എത്രയെന്നുമുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ :

(ബി) ഇദ്ദേഹത്തിന് പി.ഡബ്ല്യു.ഡി.യിൽ ഇടുക്കി ജില്ലയിലോ ആലുവ എസ്. ഇ.-യുടെ കീഴിലുള്ള പ്രദേശത്തോ മറ്റെങ്കിലും വർക്കുകൾ ഉണ്ടോ : വിശദവിവരം വെളിപ്പെടുത്തുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly